"ഭരണഭാഷ -മാതൃഭാഷ"

**കേരള സർക്കാർ**

എച്ച്.കെ.സി.-ബി 3/ 126/2023/ പൊ.ഭ.വ
പൊതുഭരണ (എച്ച്.കെ.സി.-ബി)വകുപ്പ്
തിരുവനന്തപുരം തീയതി 15/07/2023

## ലേല പരസ്യം

ഗവൺമെന്റ് സെക്രട്ടറിയറ്റിലെ റൂഫ് ഷീറ്റിംഗിൻറ ഭാഗമായി ഇളക്കി മാറ്റിയ പഴയ ഷീറ്റുകൾ സെക്രട്ടറിയറ്റ് പരിസരത്ത് നിന്നും നീക്കം ചെയ്യുന്നതിനുള്ള പരസ്യ ലേലം **31/07/2023** ന് രാവിലെ **11 മണിയ്ക്ക്** പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മുറിയിൽ വച്ച് നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിനങ്ങളിൽ ഉച്ചയ്ക്ക് 3 മണി മുതൽ 5 വരെയുള്ള സമയത്ത് പഴയ ഷീറ്റുകൾ നേരിൽ പരിശോധിക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് മുൻപ് പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-ബി) വകുപ്പ് സ്റ്റോർ സൂപ്പർവൈസറുടെ മുന്നിൽ ഹാജരായി നിരതദ്രവ്യം ഇനത്തിൽ 1500/- രൂപ അടയ്ക്കേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരെ തിരിച്ചറിയാനുതകുന്ന തിരിച്ചറിയൽ രേഖ (ആധാർ കാർഡ്/ വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ പകർപ്പ്) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ലേലം അവസാനിക്കുന്ന മുറയ്ക്ക് ഏറ്റവും കൂടുതൽ തുക വിളിച്ച വ്യക്തിയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിയ്ക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലം തുകയുടെ 18% ജി എസ് ടി യായി അടയ്ക്കേണ്ടതാണ്. ലേല തുകയുടെ രണ്ടിൽ ഒരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേല ദിവസം ഒടുക്കേണ്ടതായും, ബാക്കി തുക 2 പ്രവൃത്തി ദിവസത്തിനകം ഒടുക്കി റൂഫ് ഷീറ്റിംഗിൻറ ഭാഗമായി ഇളക്കി മാറ്റിയ ഷീറ്റുകൾ നീക്കം ചേയ്യേണ്ടതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരത ദ്രവ്യം മടക്കി നൽകുന്നതല്ല. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 11 മണിയ്ക്ക് ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്നു മുതൽ മൂന്ന് വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിന് ശേഷം മാത്രമേ മടക്കി നൽകുകയുള്ളു. യാതൊരു കാരണവും കാണിക്കാതെ ലേല നടപടി റദ്ദ് ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

**ഹണി . പി**
**അഡീഷണൽ സെക്രട്ടറി**

ഗവ. സെക്രട്ടറിയേറ്റിലെ എല്ലാ നോട്ടീസ് ബോർഡിലേയ്ക്കും
സ്റ്റോർ സൂപ്പർവൈസർ, പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, ഗവ. സെക്രട്ടറിയേറ്റ്
ചീഫ് സെക്യൂരിറ്റി ഓഫീസർ
ഇ - ഓഫീസ് നോട്ടീസ് ബോർഡ്,ഫയൽ പകർപ്പ്